E mail : keralarcs@gmail.com
Website : www.cooperation.kerala.gov.in

ജി (1) 26970/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 24.02.2011

**സർക്കുലർ നം.26/2011**

വിഷയം : സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് - ബാലറ്റ് പേപ്പർ അച്ചടി പത്ര പരസ്യ ചെലവ് - ഭക്ഷണ ചെലവ് തുടങ്ങിവയുടെ നിയന്ത്രണം - മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി നൽകുന്നതു സംബന്ധിച്ച്.

സൂചന : 1. സഹകരണ സംഘം രജിസ്ട്രാറുടെ 34/09 നം. സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 4/05 നം. സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 11/06, 23/07 നം. സർക്കുലർ.

സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സൂചന 2,3 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും, ടി നിർദ്ദേശങ്ങൾ പാലിക്കാതെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ആവശ്യത്തിലും കവിഞ്ഞ വലിയ കോളങ്ങളിൽ പത്രങ്ങളിൽ പരസ്യം ചെയ്യുന്നതായും ഇതിനായി വൻതുക ചെലവിടുന്നതായും പോളിംഗ് സ്റ്റാഫിനും, സംഘം ജീവനക്കാർക്കും അന്നേ ദിവസം ഭക്ഷണം നൽകുന്നതിന് നീതികരിക്കാനാകാത്തവിധം ചെലവു ചെയ്യുന്നതായും, ചില ജില്ലകളിൽ ബാലറ്റ് പേപ്പറുകൾ കളർ പേപ്പറുകളിൽ അച്ചടിക്കുന്നതായും അതിൽ ഓരോ വിഭാഗത്തിലും പെട്ട സ്ഥാനാർത്ഥികൾക്കായി പ്രത്യേക നിറങ്ങളിൽ സ്ഥാനാർത്ഥികളുടെ പേരുകൾ അച്ചടിക്കുന്നതായും, ശ്രദ്ധയിൽപ്പെട്ടിരുന്നതിനെ തുടർന്ന് സൂചന ഒന്നു പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ 2010 ലെ കേരള സഹകരണ സംഘം ചട്ടങ്ങൾ (ഭേദഗതി) പ്രകാരം ചട്ടം 35(3)(എ), 35(എ) (8)ലെ ചട്ടത്തിനനുസൃതമായി, ഏകീകൃത ബാലറ്റ് മാത്രമേ തിരഞ്ഞെടുപ്പുകൾക്ക് ഉപയോഗിക്കാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്. ആയതിനാൽ 2.11.10 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഭേദഗതി പ്രകാരം സംഘം തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുവാൻ, വോട്ടർക്ക് നൽകേണ്ടത് 'യൂണിഫോം' ബാലറ്റ് ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ മേൽ നിർദ്ദേശങ്ങൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ ഇക്കാര്യം സഹകരണ സംഘങ്ങളുടെയും, സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

ഒപ്പ്,
കെ.വി.സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ് :
1. സെക്രട്ടറി, കേരള സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും - ജോയിന്റ് രജിസ്ട്രാർമാർ മുഖേന
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ) മാർക്കും
6. ഈ ആഫീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും
7. വെബ്സൈറ്റ്
8. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
9. സ്റ്റോക്ക് ഫയൽ 10. സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) ഇൻ ചാർജ്ജ്